LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2-2-2015-ലെ G.O(Ms)03/2015/ITD ഉത്തരവ് പ്രകാരം ഐ.&പി.ആർ.ഡി.-യുടെ ഉടമസ്ഥതയിലുള്ള www.kerala.gov.in എന്ന വെബ്സൈറ്റിനെയും, കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ ഉടമസ്ഥതയിലുള്ള www.eservices.kerala.gov.in നെയും സംയോജിപ്പിച്ച് www.kerala.gov.in എന്ന വിലാസത്തിൽ ഒരു ഏകീകൃത വെബ്സൈറ്റ് ആക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് ഒന്നിലധികം വെബ്സൈറ്റുകൾ സന്ദർശിക്കുകവഴി പൊതുജനത്തിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാനും കേരള സർക്കാർ നൽകുന്ന എല്ലാ ഇ-സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ആശയവും മുൻനിർത്തിയാണ് ഇത്തരത്തിൽ വെബ്സൈറ്റുകൾ സംയോജിപ്പിക്കുവാൻ തീരുമാനിച്ചത്.

(ബി) ഐ&പി.ആർ.ഡി., എൻ.ഐ.സി., സി-ഡിറ്റ്, എസ്.റ്റി.കെ.സി. എന്നീ ഏജൻസികളുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

(സി) 2-2-2015-ലെ G.O(Ms) No.03/2015/ITD ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഇ-സേവനങ്ങളും വിവരങ്ങളും ഈ പോർട്ടലുമായി ബന്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ലേൺ ടു കോർഡ് പദ്ധതി

182(2171) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. വർക്കല കഹാർ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേൺ ടു കോർഡ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) പുതുതലമുറയ്ക്ക് ഐ.റ്റി. വിദ്യാഭ്യാസം സുഗമമായും ചെലവ് കുറഞ്ഞ വിധത്തിലും നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ അവബോധം വ്യാപകമാക്കുന്നതിനും അതുവഴി കേരളത്തെ ഭാവിയിൽ ഐ.ടി. ഹബ്ബാക്കി മാറ്റുന്നതിനും കേരള സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളിൽ നൂതനമായി രൂപം നൽകിയ ഒന്നാണ് "ലേൺ ടു കോർഡ്". ഇതുവഴി കേരളത്തിലെ വിദ്യാർത്ഥികളിൽ കോഡിംഗ് വൈദഗ്ധ്യം വളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്.

(സി) റാസ്ബറി പൈ കിറ്റുകൾ വിദ്യാർത്ഥികൾക്കു സൗജന്യമായി വിതരണം ചെയ്തുകൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം 2522 റാസ്ബറി പൈ കിറ്റുകളാണ് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിയത്. അടിസ്ഥാനപരമായ പരിശീലനം നൽകി വിദ്യാർത്ഥികളിൽ പുതിയ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പ്രോത്സാഹനം നൽകാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിനായുള്ള പരിശീലന ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് നൽകിയിരുന്നു.

(ഡി) ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ, ഐ.ടി.@സ്കൂൾ, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്നിവരുടെ ആഭിമുഖ്യത്തിൽ കേരള സർക്കാർ 2015. ഫെബ്രുവരി 21-ാം തീയതി ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും റാസ്ബറി പൈ വിതരണവും നടത്തുകയുണ്ടായി. വരുംവർഷങ്ങളിൽ 5,000 ത്തോളം റാസ്ബറി പൈ/അഡ്രിനോ കിറ്റുകൾ എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും അവരിലെ പരീക്ഷണാത്മകത സ്കൂൾ തലത്തിൽ വെച്ചുതന്നെ വളർത്തിയെടുക്കുന്നതിന് തുടർന്നുള്ള പരിശീലനവും മേൽനോട്ടവും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അക്ഷയ കേന്ദ്രങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക

183(2172) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന് ഭീമമായ കുടിശ്ശിക നൽകാനുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് അവയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുവെന്നും പ്രസ്തുത കേന്ദ്രങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly